**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **08-12-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ചർച്ചകൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ജനകീയ ചർച്ചകൾ പൂർത്തിയായി വരുന്നു. സ്കൂൾ തല ചർച്ചകൾ എല്ലാ വിദ്യാലയങ്ങളിലും പൂർത്തിയായിട്ടുണ്ട്. പഞ്ചായത്ത് തല ചർച്ചകളും, ബ്ലോക്ക് തല ചർച്ചകളും പൂർത്തീകരിച്ച് ജില്ലാതല ചർച്ചകൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ചർച്ചകൾ വസ്തുനിഷ്ഠവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത ചർച്ചകൾ വസ്തുനിഷ്ഠവും കാര്യക്ഷമവുമായി നടക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.<br><br>• സമൂഹചർച്ചയ്ക്കുള്ള കുറിപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.<br>• സ്കൂൾ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ, ബ്ലോക്ക്, ജില്ല തലങ്ങളിൽ സംഘാടക സമിതികൾ രൂപീകരിച്ചു.<br>• ഓരോ തലത്തിലും ചർച്ചകൾക്ക് നേതൃത്വം നൽകുന്നതിനുള്ള റിസോഴ്സ് അധ്യാപകർക്ക് പരിശീലനം നൽകി.<br>• എല്ലാ ബി.ആർ.സി.കളിലെയും ട്രെയിനർമാർ, സി.ആർ.സി കോർഡിനേറ്റർമാർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകി.<br>• ഓരോ തലത്തിലും (സ്കൂൾ, പ്രാദേശികം, ബ്ലോക്ക്, ജില്ല) സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുള്ള ചർച്ചകൾ നടത്തി.<br>• കുട്ടികളുടെ മാത്രമായ പ്രത്യേക ചർച്ചകൾ ക്ലാസ് മുറികളിൽ സംഘടിപ്പിച്ചു.<br>• പൊതുജനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള പ്രത്യേക ടെക് |

| | | | |
|---|---|---|---|
| | | | പ്ലാറ്റ്ഫോം ഒരുക്കി.<br>• ഓരോ തലത്തിലേയും ചർച്ചകളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചോർച്ച വരാതെ ക്രോഡീകരിക്കുന്നതിന് ബി.ആർ.സി. കളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. |
| (സി) | ജനകീയ ചർച്ചകൾക്ക് ശേഷം പൊതുചർച്ചകളുടെയും സ്കൂൾതല ചർച്ചകളുടെയും അടിസ്ഥാനത്തിലുള്ള നിലപാട് രേഖ (പൊസഷൻ പേപ്പർ) പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ജനകീയ ചർച്ചകൾക്ക് ശേഷം പൊതു ചർച്ചകളുടെയും സ്കൂൾ തല ചർച്ചകളുടെയും അടിസ്ഥാനത്തിലുള്ള നിലപാട് രേഖകൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പൂർത്തിയാകുന്ന പൊസിഷൻ പേപ്പറുകൾ ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും മതവിഭാഗങ്ങളോ സംഘടനകളോ അവരുടെ ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മതവിഭാഗങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവരുടെ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ